കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയെ സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 2007-08-ലെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേട് - നഷ്ടോത്തരവാദിയായ മുൻമേയർ ശ്രീ. എൻ. പത്മലോചനിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1368/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/05/2012

---

പരാമർശം:-

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19/1/2009-ലെ എൽ.എഫ്.1248/എം.എൽ1/08 നമ്പർ കത്ത്.
2) കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 12/8/2009-ലെ PW7/7441/06 നമ്പർ കത്ത്.
3) കൊല്ലം കോർപ്പറേഷൻ മുൻ മേയർ ശ്രീ. പത്മലോചനനുള്ള സർക്കാരിന്റെ 29/9/2010-ലെ ഇതേ നമ്പർ കത്ത്.
4) കൊല്ലം കോർപ്പറേഷൻ മുൻമേയർ ശ്രീ. പത്മലോചനന്റെ 3/3/2011-ലെ മറുപടി
5) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2/1/2012-ലെ എൽ.എഫ്. 18966/എം.എൽ1/2011 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കൊല്ലം നഗരസഭയെ സംബന്ധിച്ച 2007-08-ലെ ഓഡിറ്റിൽ നഗരസഭ പോളയത്തോട്ടിൽ 14,70,000/- രൂപ (പതിനാല് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) ചെലവിൽ ഒരു എൽ.പി.ജി ക്രിമിറ്റോറിയം സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും നഗരസഭയ്ക്ക് 3,10,000/- രൂപയുടെ നഷ്ടമുണ്ടായതായും കണ്ടെത്തിയിട്ടുള്ളതായി പരാമർശം ഒന്ന് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾ താഴെ പറയും പ്രകാരമാണ്.

1. നേരത്തെ നിരസിക്കപ്പെട്ട ക്വട്ടേഷന്റെ ഉടമയായ ഹൈടെക്കിന് പോളയത്തോട്ടിൽ 14,70,000/-+വാറ്റ് നിരക്കിലും, കെൽട്രോണിന് മുളങ്കാടകത്ത് 14,70,088/-+വാറ്റ് നിരക്കിലും ഗ്യാസ് ക്രിമിറ്റോറിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു.

2. വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ട ക്രിമിറ്റോറിയത്തിനു വേണ്ടി ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ വ്യക്തമായ ഒരു സ്പെസിഫിക്കേഷൻ പോലും നഗരസഭയുടെ പക്കൽ ഇല്ലായിരുന്നു.

3. ഇ.എം.ഡി വയ്ക്കാതിരുന്ന റെയ്ഡ്കോയുടെ ക്വട്ടേഷൻ പരിഗണിച്ചതിന്റെ കാരണം വ്യക്തമല്ല. (13-10-2005-ലെ ജി.ഒ (പി) നം. 448/05/ഫിൻ. പ്രകാരം ഒരു സ്ഥാപനവും ഇ.എം.ഡി വയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല.)

4. 17-10-2006-ന് ബഹു. മേയറുടെ സാന്നിദ്ധ്യത്തിൽ കെൽട്രോൺ, റെയ്ഡ്കോ എന്നീ കമ്പനികളുമായി നെഗോഷിയേഷൻ നടത്തി. കെൽട്രോൺ 15,15,555/- രൂപ ആവശ്യപ്പെടുകയും അതിൽ മൂന്നു ശതമാനം കുറവു വരുത്തി വാറ്റ് ഒഴികെ 14,70,088/- രൂപയ്ക്ക് ചെയ്യാൻ സമ്മതിക്കുകയും ചെയ്തു. റെയ്ഡ്കോ വാറ്റ് ഒഴികെ 17,12,000/- രൂപയ്ക്ക് ചെയ്യാമെന്ന് സമ്മതിച്ചു. കെൽട്രോൺ , നേരത്തെ വാറ്റ് ഒഴികെ 11,60,000/-

രൂപയും (വാറ്റ് ഉൾപ്പെടെ 13,05,000/- രൂപ) റെയ്ഡ്കോ വാറ്റ് ഒഴികെ 12,77,000/- രൂപയുമാണ് രേഖപ്പെടുത്തിയിരുന്നത്. ക്വാട്ട് ചെയ്തതിനേക്കാൾ ഉയർന്ന നിരക്ക് നെഗോഷിയേഷനിൽ നഗരസഭ അംഗീകരിച്ചു.

5. ഹൈടെക്കിന്റെ ക്വട്ടേഷൻ ഇ.എം.ഡി വയ്ക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതാണെന്ന് അസി. എക്സി.എൻജിനീയർ-2 08-01-2007-ലും അസി. എക്സി. എഞ്ചിനീയർ 09-01-2007-ലും നോട്ട് ഫയലിൽ രേഖപ്പെടുത്തി. ഹൈടെക്കിന്റെ ഓഫർ സ്വീകരിച്ച് കരാർ നൽകുന്നത് പുനപരിശോധിക്കണമെന്ന് നഗരസഭ എഞ്ചിനീയർ 10-01-2007-ലും നെഗോഷ്യേറ്റ് ചെയ്തത് പ്രകാരം കരാർ നൽകുന്നില്ലെങ്കിൽ റീടെന്റർ ചെയ്യണമെന്ന് 18-01-2007-ന് സെക്രട്ടറിയും നോട്ട് ഫയലിൽ രേഖപ്പെടുത്തി. എന്നാൽ ഈ വിയോജനക്കുറിപ്പുകളെല്ലാം അവഗണിച്ചുകൊണ്ട് പോളയത്തോട്ടിൽ ക്രിമിറ്റോറിയം സ്ഥാപിക്കുവാൻ (മുളങ്കാടത്ത് കെൽട്രോണിനും) 23-01-2007-ന് ഏകപക്ഷീയമായി ബഹു. മേയർ ഉത്തരവിട്ടു.

6. ലഭ്യമായ 7 ക്വട്ടേഷനുകളിൽ 6 എണ്ണത്തിന്റേയും, കവറിംഗ് ലെറ്ററിലോ, ക്വട്ടേഷനിലോ അവ ഓപ്പൺ ചെയ്ത നഗരസഭ എഞ്ചിനീയർ ഒപ്പും, തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഹൈടെക്കിന്റെ ക്വട്ടേഷനിലോ, കവറിംഗ് ലെറ്ററിലോ ഇത് രേഖപ്പെടുത്തിയിട്ടില്ല.

7. ഹൈടെക്കിന് കരാർ നൽകാൻ 18-12-2006-ന് കൗൺസിൽ തീരുമാനിച്ച ശേഷമാണ് ടി കമ്പനി 17-01-2007-ന് ജാമ്യ സംഖ്യ (5 ശതമാനം) വയ്ക്കുന്നത്. 13-02-2007-ന് കരാർ ഒപ്പുവയ്ക്കുകയും 14-01-2008-ൽ 5,91,397/- രൂപ മുൻകൂർ നൽകുകയും ചെയ്തു. ക്വട്ടേഷൻ നോട്ടീസിൽ മുൻകൂർ നൽകുന്നതിന് വ്യവസ്ഥയില്ല. മുൻകൂർ തുക നൽകി ഇത്തരം പണി ചെയ്യുന്നതിന് വ്യക്തമായ മാനദണ്ഡവുമില്ല. ഈ സാഹചര്യത്തിൽ മുൻകൂർ നൽകിയ നടപടി ഉചിതമല്ല.

8. എ.എം.സി ഒപ്പ് വച്ചിട്ടില്ല.

9. ലഭിച്ച ക്വട്ടേഷനുകളിൽ കെൽട്രോൺ സമർപ്പിച്ച ക്വട്ടേഷൻ മാത്രമാണ് ക്രമപ്രകാരമുള്ളത്. നെഗോഷ്യേഷനിലൂടെ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അംഗീകരിക്കുകയും ആ നിരക്ക് ഹൈടെക്കിന് അനുവദിക്കുകയും ചെയ്തത് വഴി നഗരസഭയ്ക്ക് 3,10,000/- രൂപയുടെ നഷ്ടം ഉണ്ടായി. ടി നഷ്ടത്തിന് ഉത്തരവാദി കൊല്ലം നഗരസഭാ മേയർ ആണെന്നുള്ളതാണ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ നിഗമനം.

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണ്ടെത്തലുകളെ സംബന്ധിച്ച് നഗരസഭാ സെക്രട്ടറി നൽകിയ പരാമർശം രണ്ട് പ്രകാരമുള്ള മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം മുൻ മേയർ ശ്രീ. പത്മലോചനിൽ നിന്നും ഈടാക്കാൻ സർക്കാർ തീരുമാനിക്കുകയും ആയത് ടിയാനെ പരാമർശം മൂന്ന് പ്രകാരം അറിയിക്കുകയും

ഇക്കാര്യത്തിൽ എന്തെങ്കിലും വിശദീകരണം നൽകുവാനുണ്ടെങ്കിൽ ആയത് പതിനഞ്ച് ദിവസത്തിനകം അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന് പരാമർശം നാല് പ്രകാരം മുൻ മേയർ മറുപടി നൽകി. പ്രസ്തുത മറുപടിയിൽ ഓഡിറ്റ് കണ്ടെത്തിയ നഷ്ടം കൗൺസിൽ യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും ബാധകമാണെന്നും ആയതിനാൽ ബാദ്ധ്യത ഒഴിവാക്കപ്പെടുന്നില്ലെങ്കിൽ ആയത് കൗൺസിലിന്റെ ആകെ ബാദ്ധ്യതയായി കണക്കാക്കണമെന്നും അറിയിച്ചു.

മുൻ മേയറുടെ വിശദീകരണത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം അഞ്ച് പ്രകാരം താഴെപ്പറയുന്ന വിശദീകരണം നൽകുകയുണ്ടായി.

> കൊല്ലം കോർപ്പറേഷനിലെ മുളങ്കാടകം, പോളയത്തോട് എന്നീ സ്ഥലങ്ങളിൽ ഗ്യാസ് ക്രിമറ്റോറിയങ്ങൾ സ്ഥാപിക്കുന്നതിന് 9.8.2006-ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു. ലഭ്യമായ 7 ക്വട്ടേഷനുകളിൽ ആലുവയിലെ ഹൈടെക് ഉൾപ്പെടെയുള്ള 5 കമ്പനികൾ നൽകിയ ക്വട്ടേഷനുകൾ വിവിധ കാരണത്താൽ നിരസിച്ചിരുന്നു. ശേഷിച്ചവയിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെൽട്രോൺ, റെയ്ഡ്കോ എന്നീ കമ്പനികളുടെ ക്വട്ടേഷനുകൾ അംഗീകാരത്തിനായി 18-12-2006-ലെ കൗൺസിൽ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും മരാമത്ത് കമ്മിറ്റി ചെയർമാന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മുളങ്കാടകം ശ്മശാനത്തിൽ കെൽട്രോണിന്റെയും (15,15,500/- രൂപ) പോളയത്തോട് ശ്മശാനത്തിൽ ഹൈടെക്കിന്റെയും (15,20,000/- രൂപ) ഗ്യാസ് ക്രിമിറ്റോറിയങ്ങൾ സ്ഥാപിക്കാൻ കൗൺസിൽ

യോഗം തീരുമാനമെടുത്തു. (തീരുമാനം-36) ടി തീരുമാനത്തിന് കോർപ്പറേഷൻ എഞ്ചിനീയർ 10-1-2007-ൽ കുറിപ്പ് ഫയൽ പേജ് 17,18 എന്നിവയിൽ ഇപ്രകാരം എഴുതിയിരുന്നു. "M/s. റെയ്ഡ്കോ, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് നെഗോസിയേഷന് ക്ഷണിച്ചിരിക്കുന്നത്. അപ്രകാരം അവർ നെഗോസിയേഷന് ശേഷം എഴുതിത്തന്ന റേറ്റാണ് കൗൺസിൽ അംഗീകാരത്തിനായി 18-12-2006-ൽ സമർപ്പിച്ചിരുന്നത്. ഈ രണ്ട് സ്ഥാപനങ്ങളും നേരിട്ട് ക്രിമിറ്റോറിയം നിർമ്മിച്ച് സ്ഥാപിക്കുന്നില്ല. ആയത് നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നതാണ്. എന്നാൽ M/s. കെൽട്രോൺ സമർപ്പിച്ചിരിക്കുന്ന ഓഫർ EMD വച്ച് ഉള്ളതാണ്. M/s റെയ്ഡ്കോ EMD Exempted എന്ന പേരിൽ ടെണ്ടർ സമർപ്പിച്ചിരിക്കുന്നതും, ആയത് അംഗീകാരത്തിനായി തുടർ നടപടികൾ സ്വീകരിച്ചിരിക്കുന്നതും. M/s. റെയ്ഡ്കോ സമർപ്പിച്ചിരിക്കുന്നത് ഹൈടെക് എന്ന കമ്പനിയുടേതാണ്. ഈ കമ്പനി തന്നെ നേരിട്ട് EMD ഇല്ലാതെയാണ് ക്വട്ടേഷൻ സമർപ്പിച്ചിരുന്നത്. അതിനാൽ ഈ ടെണ്ടർ സ്വീകരിച്ചിരുന്നില്ല. മാത്രമല്ല ജി.ഒ (ആർ.റ്റി) 2042/06/തസ്വഭവ തീയതി 3.1.2006 ഉത്തരവ് പ്രകാരം ടി കമ്പനി ക്രിമിറ്റോറിയം ടെണ്ടർ ചെയ്യാതെ വാങ്ങാൻ പാടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 18-12-2006 ലെ കൗൺസിൽ തീരുമാന പ്രകാരം M/s. ഹൈടെക് കമ്പനിയുടെ ഓഫർ സ്വീകരിച്ച് ഉത്തരവ് നൽകുന്നത് പുന:പരിശോധനയ്ക്ക് സമർപ്പിക്കുന്നു. ജി.ഒ (പി) നം. 448/05/ഫിൻ തീയതി 13-1-2005 പ്രകാരം ഒരു സ്ഥാപനത്തെയും

EMD/സെക്യൂരിറ്റി വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല".

നഗരസഭാ എഞ്ചിനിയറുടെ മേൽ അഭിപ്രായം പരിഗണിച്ച നഗരസഭാ സെക്രട്ടറി "നെഗോഷ്യേറ്റ് ചെയ്യുതനുസരിച്ച് വർക്ക് എൽപ്പിക്കുകയോ അല്ലാത്ത പക്ഷം റിടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കുകയോ ആണ് ശരിയായ നടപടിക്രമമെന്നും വിഷയം ആരാധ്യനായ മേയർ മുഖേന ശ്രദ്ധയിൽപ്പെടുത്തുക"എന്നും18-1-2007-ൽരേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അഭിപ്രായം അവഗണിച്ചുകൊണ്ട് വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരാതെ കെൽട്രോണിനും ഹൈടെക്കിനും ഓരോ പ്ലാന്റ് വീതം നൽകാനുള്ള ഉത്തരവ് മേയർ 23-1-2007-ൽ നല്കുകയുണ്ടായി. ക്രിമിറ്റോറിയത്തിന്റെ നിർമ്മാണം ഹൈടെക്കിനെ ഏൽപ്പിക്കാനുള്ള തീരുമാനമെടുത്തത് 18-12-2006-ലെ കൗൺസിൽ യോഗത്തിലാണ്. ആയതിലെ അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നഗരസഭാ എഞ്ചിനീയർ 10-1-2007-ലും നഗരസഭാ സെക്രട്ടറി 18-1-2007-ലും കുറിപ്പെഴുതിയെങ്കിലും വിഷയം വീണ്ടും കൗൺസിലിന്റെ പരിഗണനയ്ക്ക് എത്തിക്കാതെ ഹൈടെക്കിനു തന്നെ പ്രവർത്തി ഏൽപ്പിക്കാൻ ഏകപക്ഷീയമായി ഉത്തരവിട്ടത് മുഖേന ഇക്കാര്യത്തിലെ പൂർണ്ണമായ ഉത്തരവാദിത്തം ബഹു. മേയറിൽ തന്നെ നിക്ഷിപ്തമാണ്. ഹൈടെക്ക് കമ്പനി മാത്രമാണ് നഗരസഭകളിൽ വിജയകരമായി ക്രിമറ്റോറിയം നിർമ്മിച്ച് പ്രവർത്തിപ്പിച്ച് വരുന്നതെന്ന വർക്ക്സ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ വിശദീകരണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തീരുമാനം കൈകൊണ്ടത് വഴി 1997-ലെ കേരള

മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനം വാങ്ങലും) നിയമത്തിലെ വ്യവസ്ഥകളും സർക്കാർ നിർദ്ദേശങ്ങളും ആരാധ്യനായ മേയർ മറികടക്കുകയും ചെയ്തു.

ഹൈടെക്കിന് കരാർ നൽകിയത് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെയാണെന്നും ആയതിനാൽ 2-ാം പാർട്ട് ബില്ലിന്റെ തുക നൽകുന്നതിന് മുൻപ് സർക്കാർ/ഓഡിറ്റിന്റെ അംഗീകാരം വാങ്ങുന്ന വിഷയം പരിഗണിക്കണമെന്നും 23-10-2008-ൽ സെക്രട്ടറി വീണ്ടും കുറിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ വാദം അടിസ്ഥാന രഹിതമാണെന്നും ഒന്നാം പാർട്ട് ബിൽ നൽകിക്കഴിഞ്ഞ ശേഷം സെക്രട്ടറി തടസ്സവാദമുന്നയിക്കുന്നത് ന്യായമല്ല എന്ന് പറഞ്ഞ് ഹൈടെക്കിന് കരാർ നൽകിയത് സാധൂകരിക്കാനാണ് ബഹു. മേയർ ശ്രമിച്ചിട്ടുള്ളതെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. 18-12-2006-ലെ കൗൺസിൽ തീരുമാനത്തിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും തീരുമാനം പുന:പരിശോധിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കരാർ വയ്ക്കുന്നതിന് മുൻപ് തന്നെ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും വിഷയം യഥാസമയം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ക്വട്ടേഷൻ സമർപ്പിച്ച ഏക സ്ഥാപനം കെൽട്രോൺ ആയിരുന്നു. റെയ്ഡ്കോ ഇ.എം.ഡി വച്ചിരുന്നില്ല. കെൽട്രോൺ ആദ്യം വാറ്റ് ഒഴികെ 11,60,000/- രൂപയാണ് (വാറ്റ് ഉൾപ്പെടെ 13,05,000/-) ക്വാട്ട് ചെയ്തിരുന്നത്. 17-10-2006-ൽ

ബഹു. മേയറുടെ സാന്നിദ്ധ്യത്തിൽ നടന്ന നെഗോസിയേഷനിൽ 15,15,555/- രൂപ ആവശ്യപ്പെട്ടുകയും 3% കുറവ് വരുത്തി വാറ്റ് ഒഴികെ 14,70,888/- രൂപയ്ക്ക് ചെയ്യാൻ സമ്മതിക്കുകയും ചെയ്തു. നെഗോസിയേഷനിൽ റേറ്റ് ഉയർന്നു എന്ന പരാമർശത്തിന് ക്വാട്ട് ചെയ്ത റേറ്റ് മൈൽഡ് സ്റ്റീൽ ഉപയോഗിച്ചുള്ള മോഡലിന്റേതാണെന്നും തുടർന്ന് നടന്ന ചർച്ചയിൽ പ്ലാന്റിന്റെ ദീർഘകാല നിലനിൽപ്പിന വേണ്ടി സ്റ്റെയിൻലെസ് സ്റ്റീലിലേക്ക് മാറ്റിയതാണെന്നുമുള്ള ബഹു.മേയറുടെ വാദം വസ്തുതാപരമല്ല. മാത്രമല്ല ഇത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് അനുസൃതവുമല്ല. 15-9-2006-ൽ pw.7-7441/06 നമ്പരായി പ്രസിദ്ധപ്പെടുത്തിയ ക്വട്ടേഷൻ നോട്ടീസിലെ രണ്ടാമത്തെ വ്യവസ്ഥ ഇപ്രകാരമായിരുന്നു. "Heat resistant stainless steel should be used for the manufacturing of Chimney, Body tray, Outside body of the Crematorium etc.". ഇതിൽ നിന്നും സ്റ്റെയിൻലെസ് സ്റ്റീൽ ക്രിമിറ്റോറിയത്തിന് തന്നെയാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്.

നിയമാനുസൃതമല്ലാത്ത ക്വട്ടേഷൻ ലഭ്യമാക്കിയതിനാൽ നിരസിക്കപ്പെട്ട ഹൈടെക്കിനെ ടെണ്ടർ നടപടികളുടെ അവസാനഘട്ടത്തിൽ മറ്റ് യോഗ്യമായ സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ട് പരിഗണിക്കുകയും പ്രവൃത്തി ഏൽപ്പിച്ച് നൽകുകയും ചെയ്തതിനാൽ കോർപ്പറേഷന് 3,10,000/- രൂപയുടെ വ്യക്തമായ നഷ്ടം ഉണ്ടായിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും അവഗണിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയ വസ്തുതകൾ മുഖവിലയ്ക്കെടുക്കാതെയും കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാതെയും ഹൈടെക്കിന്

പ്രവർത്തി ഏൽപ്പിച്ച് നൽകാൻ ബഹു. മേയർ ഉത്തരവിട്ടതിനാൽ പ്രസ്തുത നഷ്ടത്തിന്റെ ഉത്തരവാദി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുപോലെ മുൻ മേയർ തന്നെയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം നഗരസഭ പോളയത്തോടിൽ എൽ.പി.ജി ക്രിമിറ്റോറിയം സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയിട്ടുള്ള നഗരസഭയ്ക്കുണ്ടായ 3,10,000/- രൂപ (മൂന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം) യുടെ നഷ്ടത്തിന് മുൻമേയർ ശ്രീ. പത്മലോചനൻ ഉത്തരവാദിയാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ പ്രസ്തുത തുക നഷ്ടോത്തരവാദിയായ നഗരസഭാ മുൻമേയർ ശ്രീ. പത്മലോചനനിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. പത്മലോചനൻ, മുൻ മേയർ, കൊല്ലം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ